(ബി) സംഭവത്തെതുടർന്ന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ;

(സി) ഉരുൾപൊട്ടലിന്റെ കാരണവും ഇനി അതിനുള്ള സാദ്ധ്യതയും സംബന്ധിച്ച് വല്ല പഠനവും നടത്തുകയുണ്ടായിട്ടുണ്ടോ;

(ഡി) തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനം സംഭവത്തെ തുടർന്ന് നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ഇ) റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുകയുണ്ടായി ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദുരന്തത്തിനിരയായവരെ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിച്ചു. മരണമടഞ്ഞ മുതിർന്നവരുടെ ആശ്രിതർക്ക് 50,000 രൂപയും, കുട്ടികളുടെ രക്ഷിതാക്കൾക്ക് 15,000 രൂപ വീതവും ധനസഹായം അനുവദിച്ചു. വീടും സ്ഥലവും പൂർണ്ണമായും ഒലിച്ചുപോയ മൂന്ന് കുടുംബങ്ങൾക്ക് 10 സെന്റ് സ്ഥലം വീതം അനുവദിച്ചു. വീടുകൾ പൂർണ്ണമായും തകർന്നവർക്ക് വീട് വയ്ക്കുന്നതിന് 50,000 രൂപ വീതം പ്രത്യേക ധനസഹായവും അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം താലൂക്കിലെ റീ സർവ്വേ

25 [621] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ എത്ര വില്ലേജുകളിൽ റീ സർവ്വേ പൂർത്തിയാക്കി;

(ബി) റീ സർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽ അപാകതകളുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപാകത പരിഹരിച്ചു നൽകിയിട്ടുണ്ടോ ;

(സി) റീ സർവ്വേ പൂർത്തിയായ സ്ഥലങ്ങളിൽ എത്രപേർക്ക് പട്ടയം നൽകാനുണ്ട്; ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം താലൂക്കിൽ 17 വില്ലേജുകളിൽ റീ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതു സംബന്ധിച്ച് സർവ്വേ അദാലത്തുകളിൽ ലഭിച്ച 26771 അപേക്ഷകളിൽ 26568 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള 203 പരാതികളിന്മേൽ നടപടികൾ നടന്നുവരുന്നു.

(സി) റീ സർവ്വേ നടത്തി ഭൂവുടമകൾക്ക് പട്ടയം നൽകാറില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly